(ബി) ഉണ്ടെങ്കിൽ ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എല്ലാ മോട്ടോർ വാഹനങ്ങളിൽ നിന്നും ഒറ്റത്തവണ സെസ്സ് ഈടാക്കുന്നതിന് നിർദ്ദിഷ്ട റോഡ് സുരക്ഷാ അതോറിറ്റി ബില്ലിന്റെ കരടിൽ ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) റോഡ് സുരക്ഷാ പ്രോഗ്രാമുകൾ നടപ്പിലാക്കുക, ഇതിലേക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുക, റോഡ് സുരക്ഷയെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക, സർക്കാർ ഇതര സംഘടനകൾക്ക് റോഡ് സുരക്ഷാ പരിപാടികൾ സംഘടിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക, റോഡുസുരക്ഷയുമായി ബന്ധപ്പെട്ട പഠനങ്ങൾക്കും പരീക്ഷണങ്ങൾക്കും സാമ്പത്തിക സഹായം നൽകുക, റോഡപകടങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം നൽകുക, അപകടത്തിന് ഇരയായവർക്ക് പ്രാഥമിക ചികിത്സയ്ക്ക് സാമ്പത്തിക സഹായം നൽകുക തുടങ്ങിയവയാണ് ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ.

(സി) റോഡ് സുരക്ഷാ ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൈത്തറി സഹകരണസംഘങ്ങൾക്ക് നൽകിയ വായ്പകളുടെ വിശദാംശം

131 [538] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജില്ലാ ബാങ്കുകളിൽ നിന്ന് കൈത്തറി സഹകരണ സംഘങ്ങൾക്ക് നൽകിയ വായ്പ, തിരിച്ചടച്ച തുക, കുടിശ്ശിക ഇവ ജില്ലാ ബാങ്ക് തിരിച്ച് വിശദമാക്കാമോ;

(ബി) ഓരോ കൈത്തറി സംഘവും എടുത്തിട്ടുള്ള വായ്പ, വായ്പയുടെ പലിശ, കുടിശ്ശിക എന്നീ കണക്കുകൾ എത്രയെന്ന് സംഘം തിരിച്ച് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ ജില്ലാ ബാങ്കും കൈത്തറി സംഘങ്ങൾക്ക് നൽകുന്ന വായ്പകളുടെ പലിശ വ്യത്യസ്തമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവിധ ജില്ലാ ബാങ്കുകൾ കൈത്തറി സംഘങ്ങൾക്ക് നൽകുന്ന വായ്പയ്ക്ക് ഈടാക്കുന്ന പലിശ എത്ര ശതമാനം വീതമാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാ ബാങ്കുകൾ കൈത്തറി സംഘങ്ങൾക്ക് നൽകുന്ന വായ്പകളുടെ ജില്ല തിരിച്ചുള്ള പലിശ നിരക്ക് താഴെ ചേർത്തിരിക്കുന്നു.

	ജില്ലാ സഹകരണ ബാങ്ക്		പലിശ നിരക്ക്
1.	തിരുവനന്തപുരം	-	12.5%
2.	കൊല്ലം	-	11%
3.	ആലപ്പുഴ	-	12%
4.	പത്തനംതിട്ട	-	9.5%, 11.5%
5.	ഇടുക്കി	-	9.5%
6.	കോട്ടയം	-	11.5%
7.	എറണാകുളം	-	12%
8.	തൃശ്ശൂർ	-	11%
9.	മലപ്പുറം	-	10%
10.	പാലക്കാട്	-	11%
11.	കോഴിക്കോട്	-	12%
12.	വയനാട്	-	(വായ്പ നൽകിയിട്ടില്ല)
13.	കണ്ണൂർ	-	12%
14.	കാസറഗോഡ്	-	11%

സർവ്വീസ് സഹകരണ ബാങ്കുകളെ ബാങ്കിംഗ് റഗുലേഷന്റെ പരിധിയിൽപ്പെടുത്തുവാനുള്ള നയം

132 [542] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവീസ് സഹകരണ ബാങ്കുകളെ ബാങ്കിംഗ് റഗുലേഷന്റെ പരിധിയിൽ പെടുത്തുവാനുള്ള കേന്ദ്ര ഗവൺമെന്റ് നയത്തിനെതിരായി ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly